# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൻറെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2, 2001-02 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 2.2, 2004-05 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.8, 2006-07 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.3, 2007-08 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.1 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2161/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/07/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 16/03/2015-ലെ എം-3-5944/15-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03/07/2015-ലെ L.F.6241/ P.T1//2015-ാം നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളിൽ സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ്, പഞ്ചായത്ത് ചെലവാക്കിയ വിവിധ തുകകൾ ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ആഡിറ്റ് തടസ്സത്തിന്റെ വിശദാംശങ്ങൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ആഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| 1. | ആർപ്പൂക്കര | 2000-2001 | 2.2 | 12838/- |
| 2. | | 2001-2002 | 2.2 | 14378/- |
| 3. | | 2004-2005 | 3.8 | 57588/- |
| 4. | | 2006-2007 | 3.3 | 2350/- |
| 5. | | 2007-2008 | 3.1 | 1237/- |

ക്രമനമ്പർ 1,2,3 എന്നിവയിൽ പരാമർശിക്കുന്ന തുകകൾ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചപ്പോൾ സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയ തുകയാണ്. ക്രമനമ്പർ **4,5** എന്നിവയിൽ പരാമർശിക്കുന്ന തുകകൾ കേരളോത്സവത്തിന്റെ നടത്തിപ്പുവേളയിൽ സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയ തുകയാണ്.

ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് , പഞ്ചായത്ത്ഡയരക്ടർ മുഖേന പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടിണ്ട്. സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവുചെയ്യേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

ടി വിഷയത്തിൽ പരാമർശം (2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 2.2, 2.2,3.8, 3.3, 3.1 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റിന് എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കാലപ്പഴക്കം പരിഗണിച്ചും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലും കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, സർക്കാർ നിഷ്കർഷിച്ച പരിധി കവിഞ്ഞ് ചെലവാക്കിയതും ലോക്കൽ ഫണ്ട് ഓഡിറ്റ് 2000-01 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2.2 പ്രകാരം തടസ്സപ്പെടുത്തിയ 12,838/-(പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) രൂപ 2001-02 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 2.2 പ്രകാരം തടസ്സപ്പെടുത്തിയ 14,378/-(പതിനാലായിരത്തി മുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) രൂപ. 2004-05 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയ 57,588/-(അമ്പത്തിയേഴായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) രൂപ, 2006-07 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 2,350/-(രണ്ടായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ 2007-08 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 1,237/-(ആയിരത്തി ഇരുനൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്.
ഡെപ്യൂട്ടിസെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ